LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ആലുവായിലുള്ള ഒരു ടൈൽ ഫാക്ടറിയിൽ തൊഴിൽത്തർക്കം നടക്കുന്നതുമൂലം അതു പൂട്ടിയിട്ടിരിക്കുകയാണ്. ഗവൺമെൻറിന് ഷെയറുള്ള സ്ഥാപനമാണ്. തുറന്നു പ്രവർത്തിക്കുന്നതിന് സഹായകമായരീതിയിൽ, ഗവൺമെൻറിനു ഷെയറുള്ള കാര്യം പരിഗണിച്ചും ലാഭകരമായി നടത്താമെന്നുള്ളകാര്യം പരിഗണിച്ചും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: പൂട്ടിക്കിടക്കുന്ന വ്യവസായങ്ങൾ പുനരാരംഭിക്കുന്നതിനു വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. അഹമ്മദ്: സാമ്പത്തികമായ വിഷമതമൂലം പ്രവർത്തനം നടത്താൻ സാധിക്കാതെ പൂട്ടിക്കിടക്കുന്ന മില്ലുകൾ തുറന്നു പ്രവർത്തിക്കുന്നതിനു സമഗ്രമായ വല്ല പദ്ധതിയും ഗവൺമെൻറിൻെറ പരിഗണനയിൽ ഉണ്ടോ? ഇല്ലെങ്കിൽ പരിഗണിക്കാമോ?

ശ്രീ. പി. രവീന്ദ്രൻ: സമഗ്രമായ പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ല. പൂട്ടിക്കിടക്കുന്ന ഫാക്ടറികളുടെ പ്രത്യേക വശങ്ങൾ പരിശോധിച്ചശേഷം പ്രവർത്തനം പുനരാരംഭിക്കുന്നതിനു വേണ്ട നടപടി എടുക്കുകയാണു ചെയ്യുന്നത്.

ശ്രീ. ടി. കെ. കൃഷ്ണൻ: സീതാറാം മില്ല് എത്രനാളുകൊണ്ടക്കം പ്രവർത്തനം പുനരാരംഭിക്കും?

ശ്രീ. പി. രവീന്ദ്രൻ: എത്രനാളുകൊണ്ടക്കമെന്നു പറയാൻ കഴിയുകയില്ല. വളരെ ശ്രദ്ധയോടും താൽപ്പര്യത്തോടുംകൂടി നടപടി എടുത്തുവരികയാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ: കശുണ്ടിത്തൊഴിലാളികളുടെ സമരം അവസാനിപ്പിക്കുവാൻ വേണ്ട നടപടികൾ എടുക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: കേന്ദ്രഗവൺമെൻറിൽ നിവേദനം നടത്താൻ ഗവൺമെൻറു തീരുമാനിച്ചിട്ടുണ്ട്. പാർലമെൻറംഗങ്ങളുടെ സഹായത്തോടുകൂടി ഈ പ്രശ്നം പാർലമെൻറിൽ ഉന്നയിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്.

WRITTEN ANSWERS

കേരള വിദ്യാഭ്യാസ നിയമങ്ങൾ

* 92 [335] ശ്രീ. കെ. എ. ശിവരാമഭാരതി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളവിദ്യാഭ്യാസനിയമങ്ങൾ പരിഷ്കരിക്കാനുള്ള ഉദ്ദേശത്തോടുകൂടി ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കമ്മീഷൻ അംഗങ്ങൾ ആരെല്ലാം?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ, ബി) കേരളഹൈക്കോടതിയുടെ ചില ജഡ്ജ്മെൻറുകളിൽ കേരളവിദ്യാഭ്യാസചട്ടങ്ങളിലുള്ള ചില പാകപ്പിഴകൾ (ചട്ടങ്ങളുടെ അവ്യക്തത തുടങ്ങിയവ) ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഈ പാകപ്പിഴകൾ പരിഹരിക്കുന്നതിനുവേണ്ടി കേരളവിദ്യാഭ്യാസചട്ടങ്ങളിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഒന്നുംതന്നെ വരുത്താതെ പരിഷ്കരിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

ഈ കമ്മിറ്റിയിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്:

(1) ശ്രീ. കെ. രാമൻ, ഗവൺമെൻറു പ്ലീഡർ, ഹൈക്കോർട്ട്,
(2) ശ്രീ. കെ. കെ. നരേന്ദ്രൻ, അഡ്വക്കേറ്റ്, ഹൈക്കോർട്ട്,
(3) അസിസ്റ്റൻറു സെക്രട്ടറി, ലാഡിപ്പാർട്ടുമെൻറ്, സെക്രട്ടേറിയറ്റ്,
(4) ഡപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ്,
(5) ലാ ആഫീസർ, വിദ്യാഭ്യാസഡയറക്ടർ ആഫീസ്, (കൺവീനർ).

അദ്ധ്യാപകരുടെ സർവ്വീസ്

* 93 [339] ശ്രീ. വി. കുട്ടികൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകരുടെ സർവ്വീസ് ബ്രേക്ക് കണ്ടോൺചെയ്തു ഗ്രേഡ് അനുവദിച്ചുകൊടുത്തിട്ടും ഗ്രേഡ് അനുവദിച്ച് കിട്ടിയതീയതി മുതൽ വർദ്ധിച്ച ശമ്പളത്തോത് അനുവദിച്ച് കിട്ടുന്നില്ല എന്ന പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരുമാസവും അതിനുതാഴെയും സർവ്വീസ് ബ്രേക്ക് വന്നിട്ടുള്ള അദ്ധ്യാപകരിൽ ചിലർക്കുമാത്രം ഗ്രേഡ് കിട്ടിയ തീയതിമുതൽ വർദ്ധിച്ച ശമ്പളം അനുവദിക്കുകയും മറ്റു ചിലർക്ക് അനുവദിക്കാതിരിക്കുകയും ചെയ്യുന്നതായി ഗവൺമെൻറിനറിയാമോ;

(സി) ഇത് പരിഹരിക്കുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ കൊടുക്കുമോ?

വിദ്യാഭ്യാസവും ആഭ്യന്തരവുംമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ) ഉണ്ട്,

(ബി) ഇല്ല,

(സി) വ്യക്തമായ നിർദ്ദേശങ്ങൾ ഈ കാര്യത്തിൽ നൽകിക്കഴിഞ്ഞിട്ടുണ്ട്. ഉത്തരവിൻെറ ഒരുകോപ്പി മേശപ്പുറത്തു വച്ചിട്ടുണ്ട്. †

നാഷണൽ സേവിംഗ്സ് ഓഫീസർമാർ

* 94 [341] ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) നാഷണൽ സേവിംഗ്സ് ഓഫീസറൻമാരുടെ തസ്തികകൾ നിർത്തലാക്കുന്നതിനു മുൻ മന്ത്രിസഭ ഉത്തരവായിട്ടുണ്ട്; എങ്കിൽ കാരണങ്ങൾ എന്തെല്ലാമാണ്.

† Appendix I

LIBRARY ARCHIVES Kerala Legislative Assembly